## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 377 | 24.06.2019 ൽ മറുപടിയ്ക്ക്

### വനഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ടി.ബൽറാം<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.അനിൽ അക്കര | അഡ്വ.കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) വനഭൂമിയിൽ കയ്യേറ്റങ്ങൾ ഇപ്പോഴും നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) വനഭൂമിയിൽ കയ്യേറ്റങ്ങൾ ഇപ്പോഴും നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.<br>01.04.2017 ന് ശേഷം 119.7669 ഹെക്ടർ വനഭൂമി കയ്യേറിയിട്ടുള്ളതും ആയതിൽ 111.7229 ഹെക്ടർ കയ്യേറ്റം ഒഴിപ്പിച്ചിട്ടുള്ളതും 8.044 ഹെക്ടർ കയ്യേറ്റം ഇനിയും ഒഴിപ്പിക്കുവാൻ അവശേഷിക്കുന്നതുമാണ്. 01.04.2017 ന് ശേഷം വനഭൂമി കയ്യേറിയതിന്റെയും, ഒഴിപ്പിച്ചതിന്റെയും ഇനി ഒഴിപ്പിക്കാനുള്ള വനഭൂമിയുടെയും ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ക്രമ.നമ്പർ | ജില്ല | കയ്യേറിയ വനഭൂമി (ഹെക്ടർ) | കയ്യേറ്റം ഒഴിപ്പിച്ചവ (ഹെക്ടറിൽ) | ഒഴിപ്പിക്കേണ്ട വനഭൂമി (ഹെക്ടറിൽ) |
|---|---|---|---|---|
| 1 | കൊല്ലം | 0.322 | 0.322 | 0 |
| 2 | തൃശ്ശൂർ | 1.3279 | 1.3279 | 0 |
| 3 | ഇടുക്കി | 3.04 | 0 | 3.04 |
| 4 | പാലക്കാട് | 41.998 | 41.998 | 0 |
| 5 | കോഴിക്കോട് | 5.004 | 0 | 5.004 |
| 6 | വയനാട് | 68.0750 | 68.0750 | 0 |
| | ആകെ | 119.7669 | 111.7229 | 8.044 |

ടി 08.044 ഹെക്ടറിലെയും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ബി) | കയ്യേറ്റം കണ്ടെത്തുന്ന സ്ഥലങ്ങളിൽ ആയത് ഉടൻ ഒഴിപ്പിക്കുന്നതിന് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയാണ്; | (ബി) | കയ്യേറ്റം കണ്ടെത്തുന്ന സ്ഥലങ്ങളിൽ ആയത് ഉടൻ ഒഴിപ്പിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>പുതുതായിട്ടുണ്ടാകുന്ന കയ്യേറ്റശ്രമങ്ങളെല്ലാം അപ്പപ്പോൾതന്നെ തടയുകയും ഒഴിപ്പിക്കുകയും ചെയ്തു വരുന്നുണ്ട്. ഇപ്രകാരമുള്ള പുതിയ കയ്യേറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. കയ്യേറ്റം ഒഴിപ്പിക്കുമ്പോൾ ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യത ഉള്ള സ്ഥലങ്ങളിൽ പോലീസ് സഹായവും റവന്യൂ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യവും അഭ്യർത്ഥിക്കാറുണ്ട്.<br>01.01.1977 ന് ശേഷമുള്ള കയ്യേറ്റങ്ങളായി വനം-റവന്യൂ സംയുക്ത പരിശോധനകളിൽ കണ്ടെത്തിയിട്ടുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ജി.ഒ. (എം.എസ്) നം. 69/2002/വനം തീയതി 08.11.2002 പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായുള്ള സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മറ്റിയെ നിയമിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ടി കമ്മിറ്റി വർഷത്തിൽ രണ്ട് പ്രാവശ്യം യോഗം ചേരുകയും കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ അവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്. അതേപോലെ തന്നെ സർക്കിൾ കൺസർവേറ്റർമാർ ചെയർമാൻമാർ ആയ അഞ്ച് സർക്കിൾ ലെവൽ കമ്മിറ്റികളും ജി.ഒ (എം. എസ്)നം.15/03/വനം തീയതി 06.03.2003 പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിലേയ്ക്കായി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. മേൽപടി കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കൽ യോഗം കൂടി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | കയ്യേറ്റക്കാരിൽ നിന്നും ഒഴിപ്പിച്ചെടുത്ത വനഭൂമി വീണ്ടും കയ്യേറുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഇത്തരം മേഖലകളിൽ എന്ത് മുൻ കരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (സി) | കയ്യേറ്റക്കാരിൽ നിന്നും ഒഴിപ്പിച്ചെടുത്ത വനഭൂമി വീണ്ടും കയ്യേറുന്ന സാഹചര്യം ചിലയിടങ്ങളിൽ ഉണ്ടായിട്ടുണ്ട്. കയ്യേറ്റക്കാരിൽ നിന്നും ഒഴിപ്പിച്ച വനഭൂമി വീണ്ടും കയ്യേറാതിരിക്കാൻ വനം വകുപ്പ് നിതാന്ത ജാഗ്രത പുലർത്തി വരുന്നു. അതിന്റെ ഭാഗമായി കയ്യേറ്റം ഒഴിപ്പിച്ച വനഭൂമി സർവ്വേ നടത്തി അളന്നു തിരിച്ച് അതിർത്തികളിൽ സ്ഥിരം ജണ്ടകൾ സ്ഥാപിച്ച് സംരക്ഷിച്ചു വരുന്നു. കൂടാതെ, കയ്യേറ്റം ഒഴിപ്പിക്കുന്നതോടൊപ്പം തന്നെ കയ്യേറ്റക്കാർക്കെതിരെ നിയമനടപടികളും സ്വീകരിച്ചു വരുന്നതുമൂലം ഒഴിപ്പിച്ചെടുക്കുന്ന വനഭൂമി വീണ്ടും കയ്യേറുന്നത് അപൂർവ്വമായി മാത്രമേ സംഭവിക്കുന്നുള്ളൂ. |

| | |
|---|---|
| (ഡി) വനം, റവന്യൂ വകുപ്പുകൾ തമ്മിൽ തർക്കമുള്ള സ്ഥലങ്ങളിൽ സംയുക്ത പരിശോധന നടത്തി അതിർത്തി പുനർനിർണ്ണയിച്ച് ജണ്ട കെട്ടി വനഭൂമി സംരക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (ഡി) വനം, റവന്യൂ വകുപ്പുകൾ തമ്മിൽ തർക്കമുള്ള സ്ഥലങ്ങളിൽ സംയുക്ത പരിശോധന നടത്തി അതിർത്തി പുനർനിർണ്ണയിച്ച് ജണ്ട കെട്ടി വനഭൂമി സംരക്ഷിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. വനം, റവന്യൂ വകുപ്പുകൾ തമ്മിൽ തർക്കമുള്ള പ്രദേശങ്ങളിലെ വിഷയങ്ങൾ സ.ഉ.(കൈ)നം.69/2002/വനം തീയതി 08.11.2002 പ്രകാരം രൂപീകരിക്കപ്പെട്ട ചീഫ് സെക്രട്ടറി ചെയർമാനായുള്ള സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും സ.ഉ.(കൈ)നം.15/03/വനം തീയതി 06.03.2003 പ്രകാരം രൂപീകരിക്കപ്പെട്ട സർക്കിൾ കൺസർവേറ്റർമാർ ചെയർമാന്മാരായുള്ള 5 സർക്കിൾ ലെവൽ കമ്മിറ്റികളും പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br>01.01.1977 ന് മുമ്പുള്ള കയ്യേറ്റങ്ങൾ കേന്ദ്രസർക്കാരിന്റെ അനുമതിയ്ക്ക് വിധേയമായി ക്രമപ്പെടുത്തുന്നതിന്റെ ഭാഗമായി വനം-റവന്യൂ സംയുക്ത പരിശോധന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കണ്ണൂർ എന്നീ 7 ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിൽ സംയുക്ത പരിശോധന പൂർത്തിയാക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ